# കൊച്ചിയ്ക്ക് ഒരു മിസ്-ഗൈഡ്

# A Mis-Guide to Kochi

സ്മിജ വിജയൻ — Smija Vijayan

മനു മോഹൻ പള്ളിവാതുക്കൽ — Manu Mohan Pallivathukkal

അമൽ പൈലി — Amal Pailey

റിഥുൻ മനോഹർ — Rithun Manohar

കുഞ്ഞിക്കുട്ടൻ നാരായണൻ — Kunjikuttan Narayanan

എഴുത്ത്: — Text:
കാത്തി ടർണർ — Cathy Turner

# കൊച്ചിയ്ക്ക് ഒരു മിസ്–ഗൈഡ

## ആമുഖം

മിസ്–ഗൈഡ് ഒരു വഴികാട്ടിയല്ല. കണ്ണൊന്നു തിരുമ്മി വീണ്ടുമൊന്ന് ചുറ്റും നോക്കുവാനും നേർകാഴ്ചയിൽനിന്ന് മറഞ്ഞിരിക്കുന്ന നഗരത്തെ കാണുവാനുമുള്ള ആഹ്വാനമാണത്.

മിസ്–ഗൈഡിൽ എല്ലാ ഉത്തരങ്ങളുമില്ല, എവിടെ പോകണമെന്നോ എന്തുചെയ്യണമെന്നോ അത് നിർദ്ദേശിക്കുന്നില്ല. ചില സഹായങ്ങൾ, ചില ചോദ്യങ്ങൾ, ചില നിരീക്ഷണങ്ങൾ – അത്രമാത്രം; ബാക്കിയുള്ളവ നിങ്ങൾ ചെയ്യുമെന്നാണ് അതിന്റെ പ്രതീക്ഷ.

ആർട്ടിസ്റ്റ് വിപിൻ ധനുർധരന്റെയും (കേരളം) ക്യൂറേറ്റർ സുമിത്ര സുന്ദറിന്റെയും (ബാംഗ്ലൂർ) മേൽനോട്ടത്തിൽ അഞ്ചു യുവകലാകാരന്മാരാണ് മട്ടാഞ്ചേരിയുടെയും ഫോർട്ട് കൊച്ചിയുടെയും ഈ മിസ്–ഗൈഡ് തയ്യാറാക്കിയത്. കൊച്ചിയിലെ ജലപാതകളെക്കുറിച്ചും, അവയുടെ ഒഴുകാതെ കെട്ടിക്കിടക്കുന്ന അവസ്ഥയെയും പ്രസക്തിയെയും പറ്റിയും വിപിൻ ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ തന്നെ കൊച്ചിയുടെ ജലപാതകളെക്കുറിച്ച് അപരിചിതമായ രീതികളിൽ ചിന്തിക്കുന്ന ഒരു മിസ്–ഗൈഡാണ്.
http://uruartharbour.com/work/vipin-dhanurdharan-petrichor/

അമൽ പൈലി, കുഞ്ഞിക്കുട്ടൻ നാരായണൻ, മനു മോഹൻ പള്ളിവാതുക്കൽ , സ്മിജ വിജയൻ, റിഥുൻ മനോഹർ (എല്ലാവരും ആർഎൽവി സംഗീതകലാവിദ്യാലയത്തിലെ വിദ്യാർത്ഥികൾ) – അഞ്ചുപേരും ഈ പ്രദേശത്തിന്റെ വിവിധ മുഖങ്ങളോടാണ് പ്രതികരിച്ചത്. അവരും ഈ ഇടങ്ങളെ വീണ്ടും കണ്ടെത്തുകയായിരുന്നു; അവരുടെ യാത്രകൾ സ്വന്തം കലാസൃഷ്ടികളിൽ പ്രതിഫലിക്കുന്നുണ്ട്.

മിസ്–ഗൈഡ് എന്ന ആശയം വികസിപ്പിച്ചെടുത്തത് യു കെയിലെ കലാകാരന്മാരുടെ റൈറ്റ്സ് & സൈറ്റ്സ്

(സ്റ്റീഫൻ ഹോഡ്ജ്, ഫിൽ സ്മിത്ത്, സൈമൺ പേഴ്സിഗേറ്റി, കാത്തി ടർണർ) എന്ന ഒരു കൂട്ടായ്മയാണ്. ഞങ്ങളുടേത് കലാപ്രകടനത്തിന്റെ പശ്ചാത്തലമാണ്. ഞങ്ങളുടെ മനസ്സിൽ നടക്കുന്നയാൾ/വായിക്കുന്നയാൾ കലാപ്രകടനം നടത്തുന്നയാളാകുന്നു. 2003, 2006, 2018 എന്നീ വർഷങ്ങളിൽ സ്വന്തമായി മിസ്-ഗൈഡുകൾ സൃഷ്ടിച്ചപ്പോൾ ഞങ്ങൾ കൂടുതലായും വാക്കുകളാണ്  ഉപയോഗിച്ചത്; വാക്കുകൾക്കുചുറ്റും ഫോട്ടോഗ്രാഫുകൾകൊണ്ട് ഒരു കൊളാഷ് ഉണ്ടാക്കുവാനായി ഞങ്ങൾ ഡിസൈനേഴ്സായ ടോണി വീവറുമായും സ്റ്റുവർട്ട് ക്രൂസുമായും സഹകരിക്കുകയും ചെയ്തു. ഫോട്ടോഗ്രാഫുകൾ എടുത്തത് ഞങ്ങളുടെയും ഡിസൈനേഴ്സിന്റെയും ശേഖരത്തിൽനിന്നാണ്.
http://mis-guide.com/ws/about.html

എന്നാൽ കേരളത്തിൽനിന്നുള്ള, വിഷ്വൽ ആർട്സിൽ പരിശീലനം നേടിയ ഈ കലാകാരന്മാർ തികച്ചും വ്യത്യസ്തമായ രീതിയിലാണ് പ്രവർത്തിച്ചത്. അവർ അടിസ്ഥാനപരമായി പ്രതികരിച്ചത് ബിംബങ്ങളിലൂടെയാണ്. ഇത് മിസ്-ഗൈഡിനെ പുനർവിചിന്തനത്തിന് പ്രേരിപ്പിച്ചു – പശ്ചാത്തലസംബന്ധമായും ചെയ്യുന്ന രീതിയെക്കുറിച്ചും. മിസ്-ഗൈഡ് രീതി ഇന്ത്യയിൽ





ഏതുതരത്തിലാവും ഉരുത്തിരിയുക? നമുക്കറിയാവുന്നതോ നാം സന്ദർശിക്കുന്നതോ ആയ ഒരു നഗരത്തിന്റെ സത്തയിലേക്ക് നമ്മെ ഉണർത്തുവാൻ ഒരു ബിംബത്തെ നമുക്ക് ഏതുതരത്തിൽ ഉപയോഗപ്പെടുത്താം?

എന്റെ ഈ കുറിപ്പുകൾ വാക്കുകൾകൊണ്ടുള്ള ഒരു വാതായനമാകണം എന്നാണ് ഞാൻ ഉദ്ദേശിക്കുന്നത്.
ഈ ബിംബങ്ങൾ എന്തിനോടാണ് ചേർത്തുവെക്കപ്പെട്ടിട്ടുള്ളത് എന്നത് മനസ്സിലാക്കുവാനുള്ള ഒരു മാർഗ്ഗം; കൊച്ചിയുടെ പാതകളിലൊന്നിൽ നിങ്ങൾ നിൽക്കുമ്പോൾ നിങ്ങളുടെ ഇടം ഏതാണെന്ന് ചിന്തിച്ചുതുടങ്ങുവാനുള്ള ഒരു ചവിട്ടുപടി.
ബിനാലെയുടെ പുതിയൊരു എഡിഷൻ ഇതൾവിടർന്നുതുടങ്ങിയ സമയത്ത്, 2018ന്റെ അവസാനനാളുകളിലാണ് ഈ കുറിപ്പുകൾ മേൽപ്പറഞ്ഞ അഞ്ചു കലാകാരന്മാരുടെ നേതൃത്വത്തിൽ നടന്ന പല കാൽനടയാത്രകളിലൂടെയും, സംഭാഷണങ്ങളിലൂടെയും, അന്വേഷണയാത്രകളിലൂടെയും വികാസം പ്രാപിച്ചത്. ബിംബങ്ങളും സ്ഥലങ്ങളും ബിനാലെ തന്നെയും തമ്മിലുള്ള ബന്ധത്തോടുള്ള പ്രതികരണമാണ് ഭാഗികമായെങ്കിലും ഈ കുറിപ്പുകൾ.

കാത്തി ടർണർ, (എക്സിറ്റർ, യു കെ)





# A Mis–Guide to Kochi

## Introduction

A Mis-Guide is not a guide. It is an incitement to look again, to rub your eyes and see the city that is hiding in plain sight.

The Mis-Guide does not hold the answers or tell you what to do or where to go. It offers some prompts, some questions, some observations - and hopes that you will do the rest.

This one has been made for Fort Kochi and Mattancherry by five young artists, under the mentorship of artist Vipin Dhanurdharan (from Kerala), and curator Sumitra Sunder (from Bengaluru). Vipin's work around Kochi, looking at the waterways, their stagnation and significance, itself acts as a kind of Mis-guide, thinking about Kochi's water routes in unfamiliar ways
http://uruartharbour.com/work/vipin-dhanurdharan-petrichor/

Amal Paily, Kunji Kuttan Narayanan, Manu Mohan Pallivathukkal, Smija Vijayan and Rithun Manohar (all students at RLV College of Music and Fine Arts) discovered and responded to different aspects of the area, rediscovering it for themselves, and reflecting their walks in their artworks.

The concept of the Mis-Guide was developed by UK artists' collective Wrights & Sites (Stephen Hodge, Phil Smith, Simon Persighetti and Cathy Turner). Our background is in performance, and in our thinking, the reader/walker becomes the performer. When we made our own Mis-Guides in 2003, 2006 and 2018, we worked mainly with words, and collaborated with designers Tony Weaver and Stuart Crewes to collage photographs around them, drawing on our own pool of images, and those of the designers.
http://mis-guide.com/ws/about.html

These Keralan artists, trained in the visual arts, work very differently, using images as their primary way of responding. This prompts a re-thinking of the Mis-Guide, both in terms of context and in terms of method. How does the Mis-Guide form



work in India? And how can we use an image to wake us up to the city we either know, or visit?

My own text aims to act as a written portal, a way into understanding what the images might relate to, and some starting points for thinking about your own position, as you stand on the street in Kochi. This text was developed out of conversations, walks and explorations led by the five artists, in late 2018, as the new edition of the Biennale began to unfold. The Mis-Guide text, if not the images, is therefore partly a response to the relationship between the images, the places, and the Biennale itself.

**Cathy Turner (Exeter, UK)**









സ്മിജ വിജയൻ
SMIJA VIJAYAN






# നിങ്ങളുടെ ആളുംതിരക്കുമെവിടെ... ചായക്കെത്രയാണ്?

ചന്ദ്രനിലും ഒരു മലയാളിയുടെ ചായക്കടയുണ്ടാകുമെന്നാണ് ചൊല്ല്.

ഫോർട്ട്കൊച്ചിയിലെമ്പാടുമുള്ള ചായക്കടകളാണ് സ്മിജയെ ആകർഷിച്ചത്. പല സമൂഹങ്ങളും കൂട്ടിമുട്ടുന്ന ഇടമാണ് ഓരോ ചായക്കടയും – ചിലതിൽ വ്യത്യസ്ത സമൂഹങ്ങൾ കൂടിച്ചേരുന്നു, ചിലതിൽ അവർക്കിടയിൽ അദൃശ്യമായ ചില വേലികളുയരുന്നു .

രമേഷ് ടീ സ്റ്റാളിൽ ഞങ്ങൾ ഒത്തുചേർന്നു. 45 വർഷം മുൻപാണ് ഇതിന്റെ ഉടമയായ വി.പി.രമേഷ് ആലപ്പുഴയിൽനിന്ന് വ്യാപാരാവശ്യത്തിനായി ഇവിടെയെത്തിയത്. മൻ ടിവിയിൽ രമേഷിന്റെ അഭിമുഖം പോലും വന്നിട്ടുണ്ട്. ഇവിടെ പതിനാലുതരത്തിലുള്ള ചായ ലഭിക്കും – മസാല, ഏലക്ക, കരയാമ്പൂ, ഇഞ്ചി, കുരുമുളക്, വാനില, ചോക്ളേറ്റ്, സുലൈമാനി, ഇഞ്ചിപ്പുല്ല്, കേരള , കൊച്ചി, നാരങ്ങ ഇതൊക്കെ പതിനാലിൽപ്പെടും. തുളസിച്ചായ ഉണ്ടാക്കുന്നതെങ്ങനെയാണ് എന്ന് പരീക്ഷിച്ചുകൊണ്ടിരിക്കുകയാണ് ഇപ്പോൾ രമേഷ് .

പിന്നീട് ഞങ്ങൾ സോളാർ കഫേയിൽ സ്മിജയെ കാത്തിരുന്നു. ഇവിടെ ജൈവാഹാരമാണ് ലഭിക്കുക. അടുത്തുള്ള ബിനാലെ വേദികളിലേക്കും ഫെറിയിലേക്കും എത്തുവാൻ സൗകര്യമാണ്. യാത്രക്കിടയിൽ അല്ലെങ്കിൽ ചൂടിൽനിന്നോ കലാസ്വാദനത്തിനിടയിൽനിന്നോ കുറച്ചു വിശ്രമംവേണമെന്നുതോന്നുമ്പോൾ ഇവിടേക്കെത്താൻ എളുപ്പമാണ്. ‘ എനിക്ക് സ്പൂൺ വേണം’ എന്നുപറയുവാൻ സുമിത്ര എന്നെ പഠിപ്പിച്ചു.

പിന്നെ ഞങ്ങൾ അതിനടുത്തുള്ള ടിപ്പു സുൽത്താൻ ഹോട്ടലിലേക്കാണ് പോയത്. വെളുപ്പിനു നാലുമണിക്ക് ഇവിടെയാണ് മീൻപിടിത്തക്കാർ ഒത്തുചേരുക. വായുവിൽ

മസാലമണം കൊഴുത്തുനിറഞ്ഞിരിക്കുന്നു. ('ഇവർ എല്ലാത്തിലും കറുവാപ്പട്ടയിടും, മീൻകറിയിൽപ്പോലും').

ചില സ്ഥലങ്ങളിലെ ചില പ്രത്യേകവിഭവങ്ങൾ ഉപഭോക്താക്കളെ ആകർഷിക്കുന്നുണ്ട് – ഉദാഹരണമായി കായീസിൽ നല്ല ഇറച്ചിച്ചോറു കിട്ടും. ഗുജറാത്തിതെരുവിലെ മധുരപലഹാരക്കടകൾ  സ്കൂൾകുട്ടികളെയും ഗുജറാത്തികുടുംബങ്ങളെയും ആകർഷിക്കുന്നു. ടിപ്പു സുൽത്താനിലെ ആവിയിൽവേവിച്ച പുട്ട് വയർനിറയാൻ ഉത്തമമാണ്.

സുമിത്രക്ക് ലക്കി സ്റ്റാറിൽ കഴിക്കാനാണ് ഇഷ്ടം. സ്മിജക്ക് ശ്രീകൃഷ്ണയിലെ പ്രാതലും.

ബിനാലെ ബിസിനസ്സ് വർദ്ധിപ്പിച്ചിട്ടുണ്ട് . വിലയും ലേശം കൂടിയിട്ടുണ്ട്. അതിനിടയിൽ കുറച്ചു സ്ഥിരക്കാർ ഇല്ലാതായിട്ടുമുണ്ടാവണം.

രമേഷിന്റെ  ചായക്കടയിൽ ചായക്ക് 25 രൂപ.

സോളാർ കഫെയിൽ ചായക്ക് 40 രൂപ.

കബ്രാൾ യാർഡിലെ  ചായക്ക് 20 രൂപ.

ആസ്പിൻവാൾ ഹൗസിലെ ചായക്ക് 65 രൂപ.

ടിപ്പു  സുൽത്താനിൽ ചായയുടെ വില 6 രൂപ.

നിങ്ങളുടെ സാന്നിദ്ധ്യം ഒരു പ്രത്യേക ഇടത്തെ അടയാളപ്പെടുത്തുന്നത് എങ്ങനെയാണ്? നിങ്ങൾ ഒരുചായക്കടയിൽനിന്ന് മറ്റൊന്നിലേയ്ക്ക് കൂറുമാറാറുണ്ടോ? നിങ്ങളുടെ സ്പ്ൃഹകൾ തീർന്നുവോ?

## Where is your crowd...and how much is the tea?

They say there is a Malayali teashop on the moon.

Smija became interested in the many teashops around Fort Kochi, and the ways in which different teashops become meeting points for various communities, where some merge, and where some meet an invisible barrier.

We met at the Ramesh Tea Stall. The owner, V. P. Ramesh, came here from Alapuzha for business 45 years ago. He was even interviewed on TV-Man. There are 14 types of tea here, including masala, cardamom, grampoo, ginger, pepper, vanilla, chocolate, suleimani, lemon grass, kerala, kochi, lemon. He's currently researching how to make basil tea.

We wait for Smija later in the Solar Café, serving organic food, and convenient for the nearby Biennale venues and for the ferry. A place to come when you need a rest from art viewing or travelling or the heat. Sumitra teaches me the phrase 'I am out of spoons'.

Then we go to the nearby Tippu Sultan Hotel. This is where the fishermen gather at 4.00 a.m. You can get a good meal here

to last through a day at sea. The air is thick with spices ('These guys put cinnamon in everything, even fish curry').

Specialities in particular places attract the customers – erachichoru (meat in rice) is served at the Kayees Hotel, for instance. The sweet shops in Gujurathi Street attract the school kids and Gujurathi families. Steamed 'puttu' at the Tippu Sultan make good, filling food.

Sumitra likes to eat at the Lucky Star. Smija likes the Sree Krishna for breakfast.

The presence of the Biennale is good for business. There has been a small rise in prices. Perhaps a few customers have been tidied away in the process.

Tea at the Ramesh costs 25 rupees.

Tea at the Solar Café costs 40 rupees.

Tea in Cabral Yard costs 20 rupees.

Tea at Aspinwall House costs 65 rupees.

Tea at Tippu Sultan costs 6 rupees.

How does your own presence mark out a space? Do you drift between tea shops? And are you out of spoons?





> "...different teashops become meeting points for various communities, where some merge, and where some meet an invisible barrier."

















# മനു മോഹൻ പള്ളിവാതുക്കൽ
# MANU MOHAN PALLIVATHUKKAL

1. Mangattumukk
2. Panayappilly
3. Thundiparambu - Minnan Raman
4. Thundiparambu - Shivan
5. Thundiparambu - pratheep
6. Thundiparambu - Sreenivasan (mammu)
7. Pallivathukkal parambu
8. Radhakrishna pai
9. Kandathiparambu - Rama
10. Dhevaswam parambu - Kala
11. Dhevaswam parambu

## പ്രേതരൂപർ

പതിനേഴാംനൂറ്റാണ്ടിലെ പോർച്ചുഗീസ് അധിനിവേശകരെ ഡച്ചുകാർ തോൽപ്പിച്ചപ്പോൾ അവർ സ്വന്തം സമ്പാദ്യമെല്ലാം മതിൽക്കെട്ടുകൾക്കുള്ളിൽ സൂക്ഷിച്ചിട്ടാണ് കൊച്ചി വിടാൻ തുനിഞ്ഞത്. ഈ മതിൽക്കെട്ടുകൾക്കിടയിലെ ഇടുക്കുകളിൽ അവർ ആഫ്രിക്കൻ അടിമകളെ കൊന്ന്  അവരുടെ മൃതശരീരങ്ങളും വെച്ചുപോയി – മരണത്തിലും സമ്പാദ്യത്തിനു കാവൽനിൽക്കുവാൻ . മരിച്ച് നാന്നൂറുകൊല്ലം കഴിഞ്ഞ രണ്ട് അസ്ഥികൂടങ്ങൾ റോസ്  സ്ട്രീറ്റിലെ ഒരു ചുമരിനിടയിൽനിന്ന് ലഭിക്കുകയുണ്ടായി. മറ്റു ചില ശരീരങ്ങൾ നിധിയൊടൊപ്പം മരച്ചുവട്ടു കളിലാണ് കുഴിച്ചിട്ടത്.

 ‘കാപ്പിരികൾ’ എന്നാണ് ഇവർ അറിയപ്പെട്ടിരുന്നത്. അവിശ്വാസി എന്നർത്ഥംവരുന്ന ആഫ്രിക്കൻ പദമായ ‘കാഫിർ’ എന്നതിൽ നിന്നായിരിക്കണം കാപ്പിരി എന്ന വാക്കുണ്ടായത്. കൊല്ലപ്പെട്ട ഈ അടിമകൾ പ്രേതങ്ങളായിമാറി എന്നാണ് വിശ്വാസം; ഇപ്പോഴും അവയെ ആരാധിക്കുന്നുണ്ട്. ചിലർ ചില പ്രത്യേക ആൽമരം അല്ലെങ്കിൽ മാവുമായി ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ട്  ആ മരങ്ങളെ കാപ്പിരിമരം എന്നും വിളിക്കുന്നുണ്ട്.

വെളുത്തവാവുദിവസം കാപ്പിരിമുത്തപ്പൻ കോട്ടും സൂട്ടും ധരിച്ച് ചങ്ങലകിലുക്കി വരാറുണ്ടത്രേ . വഴിതെറ്റിയ മനുഷ്യരെ അദ്ദേഹം ചിലപ്പോൾ വീട്ടിലെത്തിക്കാറുണ്ട്. ചിലപ്പോൾ മതിലിനുമുകളിലിരുന്ന് കള്ളുകുടിച്ച് ഉറക്കെ പാടുന്നു. ചിലപ്പോൾ അദ്ദേഹത്തിന്റെ ചുരുട്ടിന്റെ കനൽവെളിച്ചം മാത്രമേ കാണാനാകൂ. പലപ്പോഴും കാപ്പിരിക്കായി കള്ളും പുട്ടും നീക്കിവെക്കാറുണ്ട്. സിഗരറ്റുംഇഷ്ടമാണ്.

മനു മോഹൻ തന്റെ ചലച്ചിത്രത്തിനുവേണ്ടി പല ചരിത്രകാരന്മാരെയും കണ്ടു സംസാരിച്ചു എങ്കിലും സ്വകാര്യ ആരാധനാസ്ഥലങ്ങൾ കണ്ടെത്തിയത് പലരും പറഞ്ഞാണ്. മട്ടാഞ്ചേരിയിലെ അത്ര സ്വകാര്യമല്ലാത്ത രണ്ട് കാപ്പിരിക്ഷേത്രങ്ങളിലേക്ക് അദ്ദേഹം ഞങ്ങളെ കൊണ്ടുപോയി. വഴിവക്കത്തു തന്നെയായിരുന്നു രണ്ടും; അലങ്കാരങ്ങളോ

എഴുത്തുകളോ ഉണ്ടായിരുന്നുമില്ല. മുകളിൽ വഴിപാട്ടു സാധനങ്ങൾ സമർപ്പിക്കുവാനും താഴെ വിളക്കുവെക്കുവാനും ഇടമുണ്ട്. ഒരിടത്ത് ഒരുനാളികേരം മാത്രം കണ്ടു, മറ്റേതിൽ പൂക്കളും. അടുത്താരോ  വന്നുപോയതിന്റെ ലക്ഷണമായി ഒരു മെഴുതിരി കത്തുന്നുണ്ടായിരുന്നു. രണ്ടിടത്തും മെഴുക് ഉരുകിയൊലിച്ചുകിടന്നിരുന്നു.

കാലങ്ങളായുള്ള സാംസ്കാരിക ബഹുസ്വരതയാണ് ഫോർട്ട്കൊച്ചിയുടെ മുഖമുദ്ര എങ്കിലും, ചിലരെങ്കിലും എന്നും അന്യരായിരുന്നു, അവിശ്വാസികളായിരുന്നു, ചിലപ്പോഴൊക്കെ മനുഷ്യേതരർ പോലുമായിരുന്നു എന്നാണ് ഈ ചരിത്രം നമ്മെ ഓർമ്മിപ്പിക്കുന്നത്. അലിഞ്ഞുചേരാത്ത ഒരു ചരിത്രം മറ്റാർക്കാണുള്ളത് ? മറ്റാരൊക്കെയാണ് ഇവിടെ അദൃശ്യരായവർ?

നിങ്ങൾ ഒരു പ്രേതമാണെന്ന് കരുതുക. അദൃശ്യനായും ആരാലും ശ്രദ്ധിക്കപ്പെടാതെയും ഇരിക്കുന്നതിന്റെ അർത്ഥതലം എന്തായിരിക്കും? തെരുവുകളിൽ നിങ്ങളുടെ സാന്നിധ്യം  നിങ്ങൾ ഏതുവിധത്തിൽ അടയാളപ്പെടുത്തും?

മനു മോഹന്റെ വീഡിയോ കാണുന്നതിന്, ദയവായി QR കോഡ് സ്കാൻ ചെയ്യുക:

## Ghost people

Defeated by the Dutch, the 17th century Portuguese colonisers walled up their treasures for safekeeping, as they prepared to leave Kochi. Seated within these wall niches, they also placed the bodies of murdered African slaves, required to guard the wealth in death. Two skeletons were found within a wall on Rose Street, four hundred years after they died. Others were buried with treasures underneath the roots of trees.

These people were known as the 'Kappiri', a word probably based on the Arabic 'kafir' indicating a 'non-believer'. These murdered slaves were believed to have become ghosts, and are still worshipped as spirits. Some are identified with particular banyan or mango trees, known as 'Kappiri trees'.

At full moon, they say Kappiri Muthappan (grandfather) can be seen dressed in a suit and rattling his chains. He sometimes appears to guide a lost person home. Sometimes he sits on the wall at night singing and drinking toddy. Sometimes you just see the light of his cigar. Toddy and puttu are often left for the Kappiri. He likes a cigarette as well.

Manu Mohan interviews historians in his film, but discovered private shrines by word of mouth, and on foot. He took us to two of the more public Kappiri shrines in Mattancherry, both unmarked by any ornamentation or inscription, both on street corners. A space for fire below, for offerings above.
One contained just a coconut. The other, flowers. A candle was burning, testament to recent attention. Both were laced with candle wax.

Fort Kochi is known for its longstanding cultural pluralism, but this history reminds us that some were always outsiders, non-

believers, even non-people. Who else has a history that does not fit? Who else is invisible here?

Imagine you are a ghost. What does it mean to be unseen or unnoticed? How do you mark the streets with your presence?

To watch Manu Mohan's video, please scan the QR code:



“അലിഞ്ഞുചേരാത്ത ഒരു ചരിത്രം മറ്റാർക്കാണുള്ളത്? മറ്റാരൊക്കെയാണ് ഇവിടെ അദൃശ്യരായവർ?”






KAPIRI MUTHAPPAN
THE UNTOLD MYTH








FROM SLAVES . TO GODS






അമൽ പൈലി
AMAL PAILEY


# ഉറപ്പില്ലാത്ത കെട്ടിടങ്ങൾ

പോവാൻ ഒരു കാരണമില്ല എന്നതുകൊണ്ട് നിങ്ങൾ ഒരിക്കലും സന്ദർശിക്കാത്ത ഇടങ്ങൾ ഏതൊക്കെയാണ്?

ആ ചോദ്യം അമൽ തന്നോടുതന്നെ ചോദിച്ചപ്പോൾ എത്തിച്ചേർന്നത് മട്ടാഞ്ചേരിക്കടുത്തുള്ള മഹാജനവാടിയിലാണ്.

അമൽ തന്റെ കാൽനടയാത്രകൾ  അടയാളപ്പെടുത്തുന്നത് ബിം ബസ്രിഷ്ടികളിലൂടെയാണ്; അദ്ദേഹത്തിന്റെ ബിംബങ്ങളിലധികവും മനുഷ്യരുടേതാണ്. ഒരു ദേശം എന്തിനാലാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്? മനുഷ്യരോ അതോ കെട്ടിടങ്ങളോ? കെട്ടിടങ്ങൾ സ്ഥിരമായിട്ടുള്ളവയാണെന്ന് നിങ്ങൾ പറയുന്നുവോ? തീർച്ചയാണോ?

മരംകൊണ്ടുള്ള കഴക്കോലുകളും ഉത്തരങ്ങളും ചേർത്തുനിർമ്മിച്ച മേൽക്കൂരയുടെ ഫോട്ടോ അമൽ പകർത്തി. ഉറച്ചതാണെങ്കിലും അതിന്റേതായ രീതിയിൽ ലോലവും അനശ്വരവും. ശ്രീമഹാദേവിക്ഷേത്രത്തിലെ നവരാത്രി ആഘോഷത്തിനുവേണ്ടി വഴിയിൽ കെട്ടിയുണ്ടാക്കിയ ഒരു പന്തലും അമൽ പകർത്തി. അതും ഒരു താത്കാലിക നിർമ്മിതിയാണ്.

ചില വീടുകൾക്ക്  കേടുപാടുകൾ തീർക്കലും മാറ്റിപ്പണിയലും അത്യാവശ്യമാണ്. ആകാശവും ഭൂമിയും കാണാൻ സാധിക്കുന്ന തരത്തിൽ പണിത ഒരു കെട്ടിടത്തിൽ പല കുടുംബങ്ങളും ഒന്നിച്ചു താമസിക്കുന്നുണ്ട് മഹാജനവാടിയിൽ. തീരെ ഉറപ്പില്ലാത്ത ഒരു കെട്ടിടമാണത്; മഴ അതിനെ കുറച്ചുകൂടി മോശമാക്കിയിട്ടുമുണ്ട്. പഴയതാണ്, എങ്കിലും അതിലൂടെ അപ്പുറം കാണാനാവും ഇപ്പോൾ.

നിങ്ങൾക്കുചുറ്റും ഏതൊക്കെ ഉറപ്പില്ലാത്ത കെട്ടിടങ്ങളും താത്കാലിക നിർമ്മിതികളും കാണാനാവുന്നുണ്ട്? നിങ്ങൾ ഏതുതരത്തിലുള്ള താത്കാലിക നിർമ്മിതിയാവും താത്പര്യപ്പെടുക? ഏതുതരത്തിലുള്ള താത്കാലികനിർമ്മിതിയാണ് നിങ്ങൾ?

# Fragile Buildings

What are the places you never visit because you have no reason to go there?

Amal asked himself that question and found himself in Mahajanavadi, near Mattancherry.

Amal archives his walks by making images, and many of his images are of people. What makes a place? People or buildings? The buildings are permanent, you say? Are they?

Amal photographed scaffolding, made of wooden poles bound together. Solid, yet in its own way, delicate and temporary. He also photographed a canopy, set up in the street, for the Navarathri festival at the Sri Mahadevi Temple. Another temporary structure.

Some of the houses here are in desperate need of repair or replacement. In Mahajanavadi, multiple families live in a building through which one can see the sky and the ground. It is a fragile structure, weakened further by the rains. It is old, but one can see through it now.

What fragile or temporary structures can you see around you? What kind of temporary structure might you build? What kind of temporary structure are you?







> “What kind of temporary structure are you?”











# റിഥുൻ മനോഹർ
# Rithun Manohar

## വീടന്വേഷണം

ബിനാലെയുടെ വിളികേട്ട് കൊച്ചിയിലേക്ക് മാറിത്താമസിച്ച ഒരു കലാകാരനാണ് റിഥുൻ .

വാടകക്ക് ഒരു സ്ഥലമന്വേഷിച്ച് റിഥുൻ തന്റെ ബൈക്കിൽ എല്ലാ വഴികളും കറങ്ങി, ഓരോ വാതിലിലും മുട്ടി. തന്റെ അത്തരം അന്വേഷണങ്ങളെ അടയാളപ്പെടുത്തലാണ് റിഥുന്റെ കലാസൃഷ്ടി.

ഒരേ കെട്ടിടത്തിൽ താമസിച്ചുപോരുന്ന മനുഷ്യരുടെ വൈവിദ്ധ്യമാണ്  റിഥുനെ അത്ഭുതപ്പെടുത്തിയ ഒരു സംഗതി. താമസസ്ഥലം തെരഞ്ഞെടുക്കുന്നതിന് സാമൂഹ്യനില, ജാതി, മതം എല്ലാം തടസ്സമാകാറുണ്ടെങ്കിലും ഇവിടെ അങ്ങനെയല്ല കണ്ടത്.

കൊച്ചിയിൽ ഭൂമിക്ക് പൊന്നുവിലയാണ് ; അത് വാടകയെയും ബാധിച്ചിട്ടുണ്ട്.

ഇതിന് പല കാരണങ്ങളുമുണ്ട്- ഗതാഗതസൗകര്യങ്ങളുടെ വർദ്ധനവ്, ഐടി വ്യവസായത്തിന്റെ കുതിപ്പ്, പിന്നെ വിനോദസഞ്ചാരവും.

2013 ലെ ബിനാലെയാണ് ഫോർട്ട് കൊച്ചിയിലും മട്ടാഞ്ചേരിയിലും  വെളിയിലും വാടക 10 % , 13 %, 24 % എന്നീ നിരക്കിൽ വർദ്ധിക്കുവാൻ കാരണമായത്. 2017 ൽ ബിനാലെ കാലത്ത് 30  മുതൽ 40 ശതമാനം വരെയാണ് വാടക കൂടിയത് .

ഒരു യുവകലാകാരൻ എന്താണ് ചെയ്യേണ്ടത്?

ചീനവലകളിൽനിന്ന് എത്രദൂരം നീങ്ങിയാലാണ് താങ്ങാവുന്ന വാടകക്ക് താമസസൗകര്യം ലഭിക്കുക? ( 'താങ്ങാവുന്നത്' എന്നതിനെ നിർവചിക്കുക ? അങ്ങനെയൊന്നുണ്ടെങ്കിൽ അത് എന്തിനുപകരമാവും ഉണ്ടായത്?)

# House Hunting

Rithun is an artist drawn by the buzz of the Biennale to move to Kochi.

He went from street to street on his bike, knocking on doors and asking about places to rent. His work is a kind of mapping of his quest.

One thing that surprised him was the diversity of people living in the same buildings. When class, caste and religion can be barriers to occupancy, this did not seem to be the case here.

But land in Kochi is at a premium, and this has had its impact on rents. There are many factors in this – transport developments, the booming IT industry, and tourism.

In 2013, the Biennale was responsible for increased rentals in Fort Kochi, Mattancherry, and Veli by 10%, 13% and 24%, respectively. In 2017, it was found that a hike in rent of 30-40% during the Biennale season.

What's a young artist to do?

How far do you need to travel from the Chinese nets to reach affordable housing? (Define 'affordable'? And if there is some, what did it replace?)















“2013 ലെ ബിനാലെയാണ് ഫോർട്ട് കൊച്ചിയിലും മട്ടാഞ്ചേരിയിലും വെളിയിലും വാടക 10%, 13%, 24% എന്നീ നിരക്കിൽ വർദ്ധിക്കുവാൻ കാരണമായത്. 2017 ൽ ബിനാലെ കാലത്ത് 30 മുതൽ 40 ശതമാനം വരെയാണ് വാടക കൂടിയത് .

ഒരു യുവകലാകാരൻ എന്താണ് ചെയ്യേണ്ടത്?”




## കുഞ്ഞിക്കുട്ടൻ നാരായണൻ
## Kunjikuttan Narayanan

# ഡിസ്റ്റോപ്പിയൻ കളിപ്പാട്ടങ്ങൾ

മട്ടാഞ്ചേരിയിലെ ഒരു അനൗപചാരിക വാസസ്ഥലത്ത് കുട്ടികൾ കളിക്കുന്നത് കുഞ്ഞിക്കുട്ടൻ നോക്കിനിന്നു. ഒരുപാട്ടു കളിപ്പാട്ടങ്ങളൊന്നും അവർക്കില്ല. പിന്നീടുകണ്ടപ്പോൾ അവർ ഒരു കല്ലും വടിയും കൊണ്ടാണ് കളിച്ചിരുന്നത് – കല്ലെറിയുകയും തൊങ്കിച്ചാട്ടുകയും വടികൊണ്ട് മണ്ണിൽ വരക്കുകയും ചെയ്തുകൊണ്ടിരുന്നുഅവർ.

ഒക്ടോബറിൽ കുഞ്ഞിക്കുട്ടൻ അവരെ കണ്ടപ്പോൾ അവർ കളിച്ചിരുന്നത് വിഷമയമായ ചില പാഴ്വസ്തുക്കളെക്കൊണ്ടാണ് ( ടോക്സിക് വേസ്റ്റ് ). റേഡിയോആക്ടീവതയുള്ള പാഴ്വസ്തുക്കൾ നിറച്ച പാത്രങ്ങളെന്നു തോന്നിക്കുന്ന വിധത്തിൽ നിർമ്മിച്ച പ്ലാസ്റ്റിക് പാത്രത്തിൽ ലഭിക്കുന്ന വഴുവഴുപ്പുള്ള ഒരു കളിപ്പാട്ടമാണിത്. അത് തൊലിപ്പുറത്ത് ചൊറിച്ചിലുണ്ടാക്കുകയും ഉയർന്ന അളവിൽ ബോറോൺ അടങ്ങിയിരിക്കുന്നതുകൊണ്ട് അസുഖത്തിന് കാരണമാകുകയും ചെയ്യേക്കാം.

പക്ഷേ വഴുവഴുപ്പുള്ള ചളിയിൽ കളിക്കാൻ രസമല്ലേ? ജൂപ്പിറ്റർ ജ്യൂസ്, ഫ്ലഫി സ്ലൈയിം, ക്രിസ്റ്റൽ സ്ലൈയിം മാജിക്, മൈ ഫ്ലഫി സ്ലൈയിം എന്നൊക്കെ പേരുള്ള ഈ വസ്തുകൊണ്ട് ലോകത്തെമ്പാട്ടും കുട്ടികൾ കളിക്കാറുണ്ട്.

കുഞ്ഞുകുട്ടൻ ഒരു കഥ പറയുകയാണ്. പല ആകൃതികളായി, പല കളിക്കോപ്പുകളായി, കുട്ടികളുടെയും അവരുടെകുടുംബങ്ങളുടെയും പല കൂട്ടുകാരുമായി മാറുന്ന ഈ സ്ലൈമിനെക്കുറിച്ച് .

കാല്പനിക മലിനീകരണവുമായി കളിച്ചുരസിക്കുന്ന കുട്ടികൾക്ക് ഏതുതരത്തിലുള്ള ഭാവിയാണുണ്ടാവുക എന്ന് നിങ്ങൾ ആലോചിച്ചിട്ടുണ്ടോ

നിങ്ങൾക്ക് ചുറ്റുമുള്ള ഭൂമിയിൽ നിങ്ങൾക്ക് കളിക്കുവാൻ ബാക്കിയുള്ളതെന്താണ്?

ഒരു ഡിസ്റ്റോപ്പിയൻ ഭാവിയിലേക്ക് ഏതുതരത്തിലുള്ള കളിപ്പാട്ടങ്ങളാണ് നിങ്ങൾ രൂപപ്പെടുത്തുക? അല്ലെങ്കിൽ ഒരു ഉട്ടോപ്പിയൻ ഭാവിയിലേക്ക്?

# Dystopian Toys

Kunji Kuttan watched children playing in an informal settlement in Mattancherry. The children don't have a lot of toys. When we met them later, they were playing a game with a stone, throwing and hopping, and a stick, drawing on the ground.

When he met them in October, they were playing with something called 'Toxic Waste'. This is a slime toy that comes in plastic pots made to look like containers of radioactive waste. It is also an irritant, containing high levels of boron which could potentially cause sickness.

But slime is good to play with! Around the world, children play with this substance, with names like Jupiter Juice, Fluffy Slime, Crystal Slime Magic Clay and My Fluffy Slime.

Kunji Kuttan tells a story about the slime, which morphs into many shapes, many toys, many friends for the children and their families.

What kind of future do we imagine for children who play with fictional pollution?

What is available to play with on the ground around you?

What toys would you design for a dystopian future?
Or a utopian one?



[redacted] FORT KOCHI
NEAR BAZAR ROAD, IN A SMALL HOUSE,
HE WAS SLEEPING... THEIR LITTLE BROTHER WAS SLEEPING..
THE GAVE A SURPRISE GIFT TO HIM,
"A TOY FISH"
MADE WITH 'SLIME*
SHE SAID; "HE WILL FORGET HIS FEVER!
" I SURE HE WILL LAUGH AGAIN AND AGAIN!"..





SLIME* IS COMING FROM THE SEA... I THINK
IT CAN BECOME ANY SHAPE...
VERY COLORFUL TOO...
COOL... NOW I WANT MAKE A NEW THING.

FLY MY BIRD, MY PARROT
AND SAY MY WISHES TO
MY FRIENDS....
I WILL COME NEXT
WEEK TO SCHOOL

MY LEG PAIN IS OVER THEN!



*Sodium tetraborate as a toy

MATTANCHERRY
NEAR GUJARATHI ROAD

IS IT MAGIC CLAY?.. IS IT CAME FROM THE OTHER PLANET?
HMM...



KICHU... KICHU.....EY..EY... DON'T CRY KICHU...
WE WILL MAKE NEW TEETH FOR OUR GRAND MA:..
SHE WILL BE HAPPY..
YES...?



I WILL MAKE A NEW CHAPPAL FOR MY MOM..
... BUT ITS TOO SMALL TO HER..



ITS NOT SO GOOD FOR OUR ⊛ FOOT BALL PACH WORKS...













* Slime / 'very local production in some areas!'

components;

'Polysaccharide guar gum'

'soduim tetraborate'

1976 => mattel / Guar Gum, PVA glue.

Cross linked 'polymer'.

'Combination of Polyvinyl alcohol solution with borate.'

“What kind of future do we imagine for children who play with fictional pollution?

What is available to play with on the ground around you?

What toys would you design for a dystopian future?

Or a utopian one?”



# Credits

A *Mis-Guide to Kochi* was developed as part of the research network 'Performing the Periphery', funded by the Arts and Humanities Research Council (UK), under the Global Challenges Research Fund.

We are grateful to the Kochi-Muziris Biennale Foundation for the use of space in the Pepper House for the Mis-Guide workshop.

Bindu Anirudhan, many thanks for your generous help, translating and helping to show us around, and for getting up early on a Monday morning to do so.

Thanks are, of course, due to all the artists who made the work: Amal Paily, Kunji Kuttan Narayanan, Manu Mohan Pallivathukkal, Smija Vijayan and Rithun Manohar, who all went beyond the original brief to explain their work so patiently and to share their understanding of Kochi.

Special thanks to Vipin Dhanurdharan and Sumitra Sunder for their co-ordination of the workshop, and to Sumitra for all her prior and subsequent work on the project. It would have been impossible without this.

Thanks to the project team, Anindya Sinha, Sharada Srinivasan, Jerri Daboo, for all the dialogues as the Mis-Guide was developed, and for the wider discussions that comprise the research network. We also acknowledge the support of our institutions, the National Institute of Advanced Studies (NIAS), Bengaluru and the University of Exeter, UK.

Thanks to Prasanna Varma for translating the English text into Malayalam.

**Design and Layout by Neelima P Aryan**
**Background Photo by Annie Spratt on Unsplash**